DESPATCHED
On..18/12/21...
29/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **AP.No.1680(5)/19/SIC**
തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.13643/SIC-G7/2019**

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി .29.11.2021

ശ്രീ. മണികണ്ഠൻ. സി.കെ,
ചരലുംകുന്നത്ത് വീട്,
എടത്തറ, തൂത പി.ഒ,
മലപ്പുറം – 679 357.
} അപ്പീൽഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഓഫീസ്,
പാറൽ , തൂത പി.ഒ, മലപ്പുറം – 679 357.

അപ്പീൽ അധികാരി,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, മലപ്പുറം.
} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 17.06.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 04.07.2019, 12.07.2019 |
| ഒന്നാംഅപ്പീൽ | 19.07.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 05.08.2019 |
| രണ്ടാംഅപ്പീൽ | 13.08.2019 |
| ഹിയറിംഗ് തീയതി | 04.10.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, കൂത്തുപറമ്പ് മേഖല കാർഷിക വികസന സൊസൈറ്റിയുടെ കരാർ ജോലിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നൽകിയ പെർമിഷൻ രേഖകൾ, 2018–19 വർഷത്തിൽ പ്രസ്തുത പഞ്ചായത്ത് റോഡിൽ ഇടത് വശത്ത് തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം നിർമ്മിച്ച അരുകുചാൽ പണിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകൾ എന്നിവയാണ്.

2. കൂത്തുപറമ്പ് മേഖലാ കാർഷിക വികസന സൊസൈറ്റിയുടെ കരാർ ജോലികൾ സംബന്ധിച്ച വിവരങ്ങൾ 09.07.2019, 10.07.2019 തീയതികളിൽ പഞ്ചായത്ത് ഓഫീസുകളിൽ നിന്നും നേരിട്ട് പരിശോധിക്കുന്നതിനും അരികുചാൽ പണിയുമായി ബന്ധപ്പെട്ട രേഖകൾക്ക് 28 പേജിന് 56/– രൂപ ഫീസ് ഒടുക്കുവാനും അറിയിച്ചു കൊണ്ട് എസ്.പി.ഐ.ഒ മറുപടി നൽകി.

3. തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചുവെങ്കിലും വിവരം ലഭ്യമാകാത്തിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും കേൾക്കാൻ നിശ്ചയിച്ചു. ടെലഫോൺ മുഖാന്തിരം നടന്ന ഹിയറിംഗിൽ ഇരുകക്ഷികളും പങ്കെടുത്തിരുന്നു.

4. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം നൽകിയിരുന്നു എന്നാണ് എസ്.പി.ഐ.ഒ അറിയിച്ചത്.

5. 17.06.2019 ലെ വിവരാവകാശ അപേക്ഷയിൽ കൂത്തുപറമ്പ് കാർഷിക മേഖലാ വികസന സൊസൈറ്റിയുടെ കരാർ ജോലിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നൽകിയ പെർമിഷൻ രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം എന്നാണ് ആവശ്യപ്പെട്ടതെന്നും 2018–19 വർഷത്തിൽ പ്രസ്തുത പഞ്ചായത്ത് റോഡിൽ ഇടത് വശത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ച അരികുചാൽ പണിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകൾ ലഭിക്കാൻ ആവശ്യപ്പെട്ടപ്പോൾ, 28 പേജിന് 56/– രൂപ ഒടുക്കുവാൻ ഒന്നാം എതിർകക്ഷി അറിയിക്കുകയും അത് അനുസരിച്ച് തുക ഒടുക്കി എന്നും തുടർന്ന് 24 പേജുളള മസ്റ്ററോളിന്റെ പകർപ്പ് ലഭ്യമാക്കി എന്നും അപേക്ഷയിൽ ആവശ്യപ്പെട്ടത് ഇടത് വശത്തെ അരികുചാൽ ആണ് സൂചിപ്പിച്ചത് എന്നും എന്നാൽ മറുപടിയിൽ അരികുചാൽ എന്ന് പ്രതിപാദിച്ചത് തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണെന്നും ഇടതുവശത്തു മാത്രമാണ് പ്രസ്തുത റോഡിൽ അരി

കുചാൽ ഉള്ളതെന്നും ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവും എസ്.പി. ഐ.ഒ നാളിതുവരെ നടപ്പിലാക്കിയിട്ടില്ല എന്നുമാണ് അപ്പീൽഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്.

6. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ, അപ്പീൽവാദിക്ക് ഭാഗീകമായ വിവരമാണ് ഒന്നാം എതിർകക്ഷിയിൽ നിന്ന് ലഭ്യമായത് എന്ന് കമ്മീഷൻ നിരീക്ഷിച്ചു. കൂത്തുപറമ്പ് മേഖല കാർഷിക വികസന സൊസൈറ്റിയുടെ കരാർ ജോലിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നൽകിയ പെർമിഷൻ രേഖകൾ, 2018–19 വർഷത്തിൽ പ്രസ്തുത പഞ്ചായത്ത് റോഡിൽ ഇടത് വശത്ത് തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം നിർമ്മിച്ച അരികുചാൽ പണിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളുമാണ്. ടി അപേക്ഷയിലെ ആദ്യത്തെ ഇനത്തിന് നൽകിയ മറുപടി തികച്ചും നിരുത്തരവാദപരമായ മറുപടിയായിട്ട് കമ്മീഷൻ വിലയിരുത്തുന്നു. വിവരാവകാശ നിയമപ്രകാരം അപേക്ഷകർ അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷകർ ഏത് രൂപത്തിൽ വിവരം ആവശ്യപ്പെടുന്നുവോ അതേ രൂപത്തിൽ വിവരം നൽകണമെന്നാണ് നിയമം അനുശാസിക്കുന്നത്. ഇവിടെ അപ്പീൽഹർജിക്കാരൻ രേഖകൾ പരിശോധിക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല. ആയതുകൊണ്ട് ഒന്നാമത്തെ ഇനത്തിനുള്ള വിവരം നൽകാൻ എസ്.പി.ഐ.ഒയ്ക്ക് ബാദ്ധ്യതയുണ്ട്. രണ്ടാമത്തെ ഇനവുമായി ബന്ധപ്പെട്ട് 28/– പേജിന് 56 രൂപ ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകുകയും ഫീസ് ഒടുക്കിയതിനെ തുടർന്ന് 24 പേജ് ആണ് ഒന്നാം എതിർകക്ഷി നൽകിയത് എന്നാണ് ടിയാൻ അറിയിച്ചത്. തൊഴിലുറപ്പ് സെക്ഷനിൽ നിന്ന് 48 രൂപയുടെ പകർപ്പുകളാണ് ടിയാന് നൽകിയിട്ടുള്ളത്. അതായത് ടിയാന് നൽകേണ്ടിയിരുന്ന 28 പേജുകളിൽ 24 പേജുകളാണ് നൽകിയിട്ടുള്ളത് ശേഷിക്കുന്ന 4 പേജുകൾ ഉണ്ടെങ്കിൽ അത് നൽകേണ്ടതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അല്ലാത്ത പക്ഷം അധികമായി ഇടാക്കിയ 8/– രൂപ തിരികെ നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. 17.06.2019 ലെ വിവരാവകാശ അപേക്ഷയ്ക്ക് 04.07.2019 തീയതിയിൽ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെയാണ് ഒന്നാം എതിർകക്ഷി ഫീസ് ഒടുക്കുവാൻ നിർദ്ദേശം നൽകി കൊണ്ടുള്ള മറുപടി നൽകിയിട്ടുള്ളത്. എന്നാൽ രേഖകളുടെ പകർപ്പുകളുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ടായിട്ടുള്ളതായി കാണുന്നു. സമയബന്ധിതമായി മറുപടി നൽകിയ സാഹചര്യത്തിൽ, ഒന്നാം അപ്പീൽ അധികാരിയുടെ

ഉത്തരവിലെ തീരുമാനത്തിൽ പരാർശിച്ച പ്രകാരമുളള 56/- രൂപ തിരികെ നൽകേണ്ടതില്ലായെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

7. മൊത്തത്തിൽ വസ്തുതകൾ വിലയിരുത്തി കമ്മീഷൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഒന്നാം എതിർകക്ഷിയ്ക്ക് നൽകുന്നു.

   a. ടി അപേക്ഷയിലെ ഒന്നാമത്തെ ഇനത്തിനുളള വിവരം നൽകേണ്ടതാണ്.

   b. രണ്ടാമത്തെ ഇനത്തിൽ നൽകിയിട്ടുളള പകർപ്പുകളിൽ ശേഷിക്കുന്ന 4 രേഖകളുടെ പകർപ്പുകൾ നൽകാൻ ഉണ്ടെങ്കിൽ ആയത് നൽകുക അല്ലാത്ത പക്ഷം അധികമായി ഈടാക്കിയ 8/- രൂപ പരമാശിത കാലയളവിലെ എസ്.പി.ഐ.ഒയിൽ നിന്ന് വാങ്ങി ഹർജിക്കാരന് തിരികെ നൽകേണ്ടതാണ്.

8. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽഹർജി ഇന്നേദിവസം 2021 നവംബർ മാസം 29-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMAT